# പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1258**

**(13.07.2016 ലെ മറുപടിക്ക്)**

**<u>താത്കാലിക നിയമനങ്ങൾ</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ.കെ. കെ.രാമചന്ദ്രൻ നായർ**<br>**ശ്രീ. മുരളി പെരുനെല്ലി.** | **പിണറായി വിജയൻ**<br>**(മുഖ്യ മന്ത്രി)** |
| (എ) | സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും താല്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; കരാർ ജീവനക്കാരുടെ നിയമനത്തിന് എന്തെങ്കിലും നിയതമായ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ ; | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ പൊതുചട്ടം 9(a)(i) പ്രകാരമാണ് താൽക്കാലിക നിയമനം സർക്കാർ ഓഫീസുകളിലും ,സ്ഥാപനങ്ങളിലും നടത്തുന്നത്. അങ്ങനെ നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാരിൽ അധ്യാപകർ മെഡിക്കൽ സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരൊഴികെ മറ്റൊരു താൽക്കാലിക ജീവനക്കാരെയും 180 ദിവസത്തിൽ കൂടുതൽ തുടരുവാൻ അനുവദിക്കരുതെന്നും അധ്യാപകരെ ആനുവൽ വെക്കേഷന് സ്കൂൾ അടയ്ക്കുന്നതുവരെയോ, പി.എസ്സ്.സി വഴിയുള്ള ഉദ്യോഗാർത്ഥി ജോയിൻ ചെയ്യുന്നതു വരെയോ അതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെയും മെഡിക്കൽ & പാരാമെഡിക്കൽ സ്റ്റാഫിനെ പരമാവധി ഒരു വർഷം വരെയോ, പി.എസ്സ്.സി വഴിയുള്ള ഉദ്യോഗാർത്ഥി ജോയിൻ ചെയ്യുന്നത് വരെയോ ഏതാണോ ആദ്യം വരുന്നത് അത് വരെയോ മാത്രമേ തുടരുവാൻ അനുവദിക്കാവൂ എന്നും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ പി.എസ്സ്.സി വഴിയുള്ള ഉദ്യോഗാർത്ഥി റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ പിരിച്ചു വിടണമെന്നും , റാങ്ക് ലിസ്റ്റ് |

| | | |
|---|---|---|
| | | നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് വഴി താൽക്കാലിക നിയമനം നടത്തരുതെന്നും, നിശ്ചിത കാലാവധിക്ക് ശേഷം ഒരു താൽക്കാലിക ജീവനക്കാരെയും സർവ്വീസിൽ തുടരുവാൻ അനുവദിക്കരുതെന്നും, പി.എസ്സ്.സി മുഖാന്തിരം നികത്തേണ്ട ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് വഴി താൽക്കാലികമായി നികത്തുന്നതിന് മുമ്പ് പി.എസ്സ്.സി റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് നിലവിലില്ലാ എന്ന് പി.എസ്സ്.സി യിൽ നിന്നും Non-availability Certificate വാങ്ങണമെന്നും വ്യവസ്ഥയുണ്ട്.<br>KS&SSR ഭാഗം II Rule 9Aയിൽ കരാറുകൾ മുഖേനയുള്ള നിയമനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പക്ഷേ അങ്ങനെ നിയമിക്കപ്പെടുന്ന ഒരു വ്യക്തിയെ അദ്ദേഹം നിയമിക്കപ്പെട്ട തസ്തിക ഉൾപ്പെടുന്ന സർവ്വീസിലെ ഒരംഗമായി കണക്കാക്കരുതെന്നും ആ നിയമനം നൽകി എന്ന കാരണത്താൽ മാത്രം അദ്ദേഹത്തെ ആ സർവ്വീസിലോ, മറ്റേതെങ്കിലും സർവ്വീസിലോ മറ്റേതെങ്കിലും നിയമനത്തിനോ എന്തെങ്കിലും മുൻഗണനാവകാശത്തിന് അർഹനാക്കുന്നില്ല എന്നും ചട്ടത്തിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അതോടൊപ്പം കരാർ ജീവനക്കാരെ നിയമിക്കുന്നതിന് KSR ഭാഗം I ചട്ടം 8ഉം അപ്പന്റിക്സ് I പ്രകാരമുള്ള വ്യവസ്ഥകളും നിലവിലുണ്ട്.<br>01.04.2016 മുതൽ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ , ടി ജീവനക്കാർക്ക് അനുവദിക്കാവുന്ന വേതനം എന്നിവ സംബന്ധിച്ച് 26/02/2016-ലെ ജി.ഒ. (പി) നം. 28/2016/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | മുൻ സർക്കാർ ഈ വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരുന്നോ വ്യാപകമായ തോതിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ചതെന്നു വ്യക്തമാക്കാമോ; | മേൽ പരാമർശിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായി താൽക്കാലിക നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഈ വിഭാഗത്തിലുള്ളവരെ നിയമിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 26/02/2016-ലെ ജി.ഒ. (പി) നം. 28/2016/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | പി എസ് സി മുഖേന അല്ലാതെ താല്ക്കാലികമായും കരാർ അടിസ്ഥാനത്തിലും ജോലിയിൽ പ്രവേശിച്ചതിന് ശേഷം സ്ഥിരപ്പെട്ട ജീവനക്കാർ ഉണ്ടോ എന്നും ഇത്തരത്തിൽ നിയമനം നേടിയവരെ ഒഴിവാക്കാനും നിയമനം നൽകിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കാനും തയ്യാറാകുമോ എന്നും വ്യക്തമാക്കാമോ? | പി.എസ്സ്.സി മുഖേന അല്ലാതെ താൽക്കാലികമായും കരാർ അടിസ്ഥാനത്തിലും ജോലിയിൽ പ്രവേശിച്ചതിന് ശേഷം സ്ഥിരപ്പെട്ട ജീവനക്കാർ ഉണ്ട്. ഇപ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരെ സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരം താഴെ പറയും പ്രകാരമാണ്.<br><br>I) പി.എസ്സ്.സി മുഖേന അല്ലാതെ ഡ്രൈവർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന നാല് ഡ്രൈവർമാരെ ധനകാര്യ വകുപ്പിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br>II) പൊതുമേഖല സ്ഥാപനമായ Kexcon മുഖേന കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജോലിയിൽ പ്രവേശിച്ച സെക്യൂരിറ്റി ഗാർഡുമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br>III) സ. ഉ (ആർ.റ്റി) നം: 19/11/പി&എ.ആർ.ഡി തീയതി 19/01/2011 പ്രകാരം പത്ത് വർഷത്തിനുമേൽ സർവീസുള്ള പതിനൊന്ന് താൽക്കാലിക ജീവനക്കാരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ (IMG) സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br>IV) കൃഷി (മൃഗസംരക്ഷണ) വകുപ്പിലും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലുമായി 159 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| | | ഇത്തരത്തിൽ നിയമനം നേടിയവരെ ഒഴിവാക്കുന്നത് സംബന്ധിച്ചും നിയമനം നൽകിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും നാളിതുവരെ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ